"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ലൈഫ് മിഷൻ പദ്ധതിയിൽ അഞ്ച് ലക്ഷം ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിന്റെ സംസ്ഥാനതല പ്രഖ്യാപനം – തുക വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ. (സാധാ) നം. 439/2026/തസ്വഭവ. തീയതി,തിരുവനന്തപുരം, 20.02.2026

പരാമർശം:– തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.02.2026 ലെ LSGD/PD/4888/2026-CSSA1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മിച്ച അഞ്ച് ലക്ഷം ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിന്റെ സംസ്ഥാനതല പ്രഖ്യാപനം 2026 ഫെബ്രുവരി 24 ന് വൈകിട്ട് 4.00 മണിക്ക് പൂജപ്പുര മൈതാനത്ത് വച്ച് ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്നു. പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും, ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളെയും പങ്കെടുപ്പിക്കുന്നതിന് ബന്ധപെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനും, ലൈഫ് മിഷൻ പദ്ധതിയിലൂടെ കൈവരിച്ച നേട്ടം സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് ആവശ്യമായ ബോർഡുകൾ സ്ഥാപിക്കുന്നതിനും തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും യഥേഷ്ടാനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മിച്ച അഞ്ച് ലക്ഷം ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിന്റെ സംസ്ഥാനതല പ്രഖ്യാപനം നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i.തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളെയും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പരിപാടി നടക്കുന്ന പൂജപ്പുര മൈതാനത്തിലേക്ക് എത്തിക്കുന്നതിനുള്ള വാഹന സൗകര്യം സജ്ജീകരിക്കുന്നതിനും, ഒരു അംഗത്തിന് പരമാവധി 30/- രൂപ (മുപ്പത് രൂപ മാത്രം) എന്ന വ്യവസ്ഥയിൽ പങ്കെടുക്കുന്നവർക്ക് ലൈറ്റ് റിഫ്രഷ്മെന്റ് നൽകുന്നതിനും തുക ചെലവഴിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും യഥേഷ്ടാനുമതിനൽകുന്നു.

ii ലൈഫ് മിഷൻ പദ്ധതിയിലൂടെ കൈവരിച്ച നേട്ടം സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ ബോർഡുകൾ സ്ഥാപിക്കുന്നതിന് തനത്

ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും യഥേഷ്ടാനുമതി നൽകുന്നു

iii. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ തുക അതാത് തദ്ദേശസ്ഥാപനങ്ങളുടെ, ധനകാര്യവിനിയോഗ പരിധിക്കുള്ളിൽനിന്ന് കൊണ്ട് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ച്യു,തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ) /ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ